**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 831** **17-09-2025 - ൽ മറുപടിയ്ക്ക്**

**ആഗോള അയ്യപ്പ സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ആഗോള അയ്യപ്പ സംഗമം നടത്തുവാൻ വേണ്ടി ദേവസ്വം ബോർഡ് എത്ര തവണ യോഗങ്ങൾ കൂടിയിട്ടുണ്ട്; പ്രസ്തുത യോഗങ്ങളുടെ നടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ആഗോള അയ്യപ്പ സംഗമം സംബന്ധിച്ച് രണ്ട് യോഗങ്ങൾ ദേവസ്വം ബോർഡ് തലത്തിൽ ചേർന്നിട്ടുണ്ട്. 23.08.2025-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. രണ്ടാമത്തെ യോഗത്തിന്റെ നടപടിക്കുറിപ്പ് തയ്യാറാക്കി വരുന്നതേയുള്ളു. |
| (ബി) | ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട് പ്രതിഷേധ പ്രകടനങ്ങൾ നടത്തിയ ഭക്തജനങ്ങൾക്കെതിരെ കേസ് എടുത്തത് ദേവസ്വം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ആഗോള അയ്യപ്പ സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിലാണ് ആഗോള അയ്യപ്പ സംഗമം നടത്തുന്നത്. ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമായി ഉയർത്തുക, "തത്ത്വമസി" എന്ന സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കുക, വികസന പ്രവർത്തനങ്ങൾ, ഭക്തരുടെ ആവശ്യങ്ങൾ എന്നിവ ചർച്ച ചെയ്യുക, ശബരിമലയെക്കുറിച്ചുള്ള വികസന കാഴ്ചപ്പാടുകൾക്ക് പുതിയ മാനം നൽകുക, അവ ആഗോള തലത്തിൽ എത്തിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ആഗോള അയ്യപ്പ സംഗമം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത സംഗമവുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ നിക്ഷേപമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; ആയത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | സർക്കാർ ഈ വിഷയം പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം695003

ഫോൺ. 0471 2317983 ഇ മെയിൽ. secretarytdbtvm@gmail.com

ആർ.ഒ.സി. നം.7763/2025/ശബ

**ശബരിമല ആഗോള അയ്യപ്പ സംഗമം സംബന്ധിച്ച് 23.08.2025-ൽ ചേർന്ന യോഗത്തിന്റെ നടപടി സംഗ്രഹം**

ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. പി. എസ്. പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുവടെ വിവരിക്കുന്നവർ പങ്കെടുത്തു.

**പങ്കെടുത്തവർ ;**

1. ശ്രീമതി. ബിന്ദു. എസ്, സെക്രട്ടറി
2. ശ്രീ. ബി .സുനിൽകുമാർ, ദേവസ്വം കമ്മീഷണർ
3. ശ്രീ. ഒ.ജി. ബിജു, എക്സിക്യൂട്ടീവ് ഓഫീസർ ശബരിമല
4. ശ്രീ. ഹേമന്ദ്. ആർ. ജെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ
5. ശ്രീ. ജി. ശരൺ പ്രോജക്ട് എഞ്ചിനീയർ ഐ.ടി ഡിവിഷൻ
6. ശ്രീ. അരുൺ ആർ, സീനിയർ ക്ലർക്ക്, ശബരിമല സെൽ
7. ശ്രീ. വിഷ്ണു പ്രകാശ്, ഡ്യൂട്ടി ക്ലർക്ക്, ബോർഡ് ഓഫീസ്
8. ശ്രീമതി. അഞ്ജന, ഡിജിറ്റൈസേഷൻ വിഭാഗം
9. ശ്രീ. വിജയകുമാർ, ഫോട്ടോഗ്രാഫർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്

ശബരിമല ആഗോള അയ്യപ്പ സംഗമം സുഗമമായി നടത്തുന്നതിലേയ്ക്ക് ആവശ്യമായ തയ്യാറെടുപ്പുകളെ കുറിച്ച് ആമുഖമായി ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റ് വിശദമാക്കി. തുടർന്ന് നടന്ന വിശദമായ ചർച്ചയ്ക്കും അവലോകനത്തിനും ശേഷം ചുവടെ വിവരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതാകുന്നു.

**യോഗ തീരുമാനങ്ങൾ**

1. ശബരിമല ആഗോള അയ്യപ്പ സംഗമമായി ബന്ധപ്പെട്ട് ദേവസ്വം കമ്മീഷണറുടെ കീഴിൽ ഡിജിറ്റൈസേഷൻ വിഭാഗത്തെ പ്രസ്തുത പരിപാടിയുടെ ഇന്റേർണൽ എക്സിക്യൂട്ടീവ് കമ്മിററിയായും, ഡിജിറ്റൈസേഷൻ വിഭാഗം സ്റ്റാഫുകളെ കൂടാതെ ശ്രീ. ശ്യാംപ്രകാശ് (വിജിലൻസ് ഓഫീസർ), ശ്രീ.അരുൺ ജി.എസ് (PRO), ശ്രീ. ഗോകുൽ നമ്പൂതിരി (ജൂനിയർ സൂപ്രണ്ട്, തിരുവനന്തപുരം), ശ്രീമതി. ജയലക്ഷ്മി എം വി (ഹെഡ്ക്ലാർക്ക് ,ദേവസ്വം കമ്മീഷണർ ഓഫീസ്), ശ്രീമതി. കാർത്തിക ഉണ്ണി (ഹെഡ്ക്ലാർക്ക്, ദേവസ്വം അക്കൗണ്ട്സ് ഓഫീസ്), ശ്രീമതി. പാർവ്വതി വി. എച്ച് (ക്ലാർക്ക്, ബോർഡ്

ഓഫീസ്), ശ്രീമതി. ധന്യ എസ് ചന്ദ്രൻ (ക്ലാർക്ക്, ബോർഡ് ഓഫീസ്), ശ്രീ.ഭരത് ചന്ദ്രൻ (ക്ലാർക്ക്, ബോർഡ് ഓഫീസ്), ശ്രീ. വിഷ്ണു പ്രകാശ് (ഡ്യൂട്ടിക്ലാർക്ക്, ബോർഡ് ഓഫീസ്), ശ്രീ. അരുൺ. ആർ (സീനിയർ ക്ലാർക്ക്, ബോർഡ് ഓഫീസ്), ശ്രീ.നന്ദഗോപൻ (ക്ലാർക്ക്, ദേവസ്വം കമ്മീഷണർ ഓഫീസ്), ശ്രീ.രാഹുൽ (ടൈപ്പിസ്റ്റ്, ദേവസ്വം കമ്മീഷണർ ഓഫീസ്) എന്നിവരെ കൂടി ഉൾപ്പെടുത്തി പ്രസ്തുത പരിപാടിയുടെ പ്രവർത്തനങ്ങൾക്കായി ഒരു ടീം രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

2. പ്രസ്തുത ടീമിന്റെ പ്രാരംഭഘട്ട മീറ്റിംഗ് 25.08.2025ന് ദേവസ്വം കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്ക് 2.00 മണിക്ക് ഡിജിറ്റൈസേഷൻ കോൺഫറൻസ് ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

3. ശബരിമല ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് സ്പോൺസർമാർക്കും മററ് ക്ഷണിതാക്കൾക്കും ബഹുമാനപ്പെട്ട ബോർഡ് പ്രസിഡന്റ് മുഖാന്തിരം ക്ഷണക്കത്ത് അടിയന്തിരത്തിൽ നൽകുന്നതിന് ഡിജിറ്റൈസേഷൻ വിഭാഗത്തെയും, ഐ.ടി വിഭാഗത്തെയും ചുമതലപ്പെടുത്തി.

4. ശബരിമല ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ രജിസ്ട്രേഷൻ പോർട്ടൽ ഉദ്ഘാടനം നടത്തുന്നതിന് തീരുമാനിച്ചു.

5. രജിസ്ട്രേഷൻ പോർട്ടൽ മുഖാന്തിരം സംഭാവനയും, രജിസ്ട്രേഷൻ ഫീസും ഈടാക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

6. രജിസ്ട്രേഷൻ പോർട്ടൽ മുഖാന്തിരം രജിസ്റ്റർ ചെയ്യുന്നവരോടൊപ്പം വരുന്നവരുടെ എണ്ണം പരമാവധി മൂന്നായി പരിമിതപ്പെടുത്തുന്നതിന് തീരുമാനിച്ചു. കൂടാതെ രജിസ്റ്റർ ചെയ്യുന്നവരോടൊപ്പം വരുന്നവരുടെ വിവരങ്ങൾ കൂടി പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു. ഇതിലേയ്ക്ക് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് ഐ.ററി ഡിവിഷനെ ചുമതലപ്പെടുത്തി.

7. രജിസ്ട്രേഷൻ പോർട്ടൽ 2025 ആഗസ്റ്റ് 26 മുതൽ 2025 സെപ്ററംബർ 5 വരെ പ്രവർത്തിക്കുന്ന രീതിയിൽ സജ്ജീകരിക്കുന്നതിന് ഐ.ററി ഡിവിഷനെ ചുമതലപ്പെടുത്തി.

8. ശബരിമല ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് ദേവസ്വം കമ്മീഷണറുടെ പേരിൽ ഒരു പുതിയ അക്കൗണ്ട് ധനലക്ഷ്മി ബാങ്ക് നന്തൻകോട് ശാഖയിൽ ആരംഭിക്കുന്നതിനും ഇതിലേയ്ക്ക് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെയും, ദേവസ്വം അക്കൗണ്ട്സ് ഓഫീസറെയും ചുമതലപ്പെടുത്തി.

9. ശബരിമല ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷത്തിൽ രണ്ട് വർഷം ശബരിമല ദർശനം നടത്തിയിട്ടുള്ള വിദേശ രാജ്യങ്ങളിൽ നിന്നുള്ള അയ്യപ്പ ഭക്തരെ ടി സംഗമത്തിന് പ്രതിനിധിയായി ക്ഷണിക്കുന്നതിന് തീരുമാനിച്ചു. ഇതിലേയ്ക്ക് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെയും, ഐ.റ്റി വിഭാഗത്തെയും ചുമതലപ്പെടുത്തി.

10. ശബരിമല ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് 19.09.2025, 20.09.2025 എന്നി ദിവസങ്ങളിലെ വെർച്ച്വൽ ക്യൂ മുഖാന്തിരമുള്ള അയ്യപ്പ ഭക്തരുടെ ബുക്കിംഗ് പരിമിതപ്പെടുത്തുന്നതിന് പോലീസ് വകുപ്പുമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി.

11. ശബരിമല ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് പ്രത്യേക ക്ഷണിതാക്കൾക്ക് അരവണ, അപ്പം, കളഭം, മൊമന്റൊ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഡെലിഗേററ് കിററ് നൽകുന്നതിന് ഏജൻസിയായ IIIC-യെ ചുമതലപ്പെടുത്തുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി.

യോഗം ഉച്ചയ്ക്ക് 04.30-ന് അവസാനിച്ചു

സെക്രട്ടറി
തിരുവിതാംകൂർ ദേവസ്വം ബോർഡ്